ഉത്തരം

(എ) മൂന്ന് ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1. തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രി.
2. പൂജപ്പുര പഞ്ചകർമ്മ ആശുപത്രി
3. പൂജപ്പുര ആയുർവേദ മെറേർണിറ്റി ആശുപത്രി.

(സി) സൗജന്യമായി ഭക്ഷണം വിതരണം ചെയ്യാൻ സന്നദ്ധ സംഘടനകളും മുന്നോട്ടുവന്നാൽ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

വിദേശത്ത് പരിശീലനം ലഭിച്ച വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

92 [1271] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പരിശീലനം ലഭിച്ച വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആധുനിക ചികിൽസ ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി സർവ്വീസിൽ ഉള്ള മികച്ച ഡോക്ടർമാരുടെ സേവനം തുടർന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പരിശോധിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും പാരാമെഡിക്കൽ സ്റ്റാഫിനും തുടർ വിദ്യാഭ്യാസത്തിന് നടപടി

93 [1272] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും പാരാമെഡിക്കൽ സ്റ്റാഫിനും തുടർന്നുള്ള വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം പത്തു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അഞ്ച് മെഡിക്കൽ കോളേജുകളിലും സെമിനാറുകളും മറ്റു പരിപാടികളും നടത്താനായി ഈ തുക വിനിയോഗിക്കുകയും ചെയ്തു. ഇതുവഴിയുള്ള പ്രയോജനം ഡോക്ടർമാർക്കും നേഴ്സുമാർക്കും മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥർക്കും ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly